LIBRARY ARCHIVES Kerala Legislative Assembly

**ഓട്ടോ, ടാക്സി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി**

252 (862) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ദുരിതവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടരെയുള്ള വിലവർദ്ധനവും ഓട്ടോ, ടാക്സി മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

&

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദുരിതമകറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. കോവിഡ് ദുരിതവും ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവുംമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്നനിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചുനൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സി കാർ, ഒമ്നി വാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500 രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ടാക്കർ തൊഴിലാളികൾക്ക് 2000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. രണ്ടാംഘട്ട ധനസഹായമായി 1000 രൂപവീതവും മൂന്നാംഘട്ട ധനസഹായമായി വീണ്ടും 1000 രൂപവീതവും ബോർഡിന്റെ അടിയന്തര ധനസഹായമായി അനുവദിച്ചുനൽകിയിരുന്നു. കൂടാതെ നിലവിൽ ക്ഷേമനിധി പദ്ധതികളിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്റ്റാറ്റേർഡ് വർക്കേഴ്സ്, പാസഞ്ചർ ഗൈഡുകൾ, ഡ്രൈവിംഗ് സ്കൂൾ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് തൊഴിലാളി വിഹിതംമാത്രം സ്വീകരിച്ചുകൊണ്ടും തൊഴിലുടമ വിഹിതം മൂന്ന് മാസങ്ങൾക്കകം അടച്ചുകൊള്ളാമെന്ന് സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ധനസഹായമായി 1000 രൂപ അനുവദിച്ചിരുന്നു. ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886 രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500 രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/തൊഴിലാളികൾക്ക് 2020 ഏപ്രിൽ

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല മെമ്പർഷിപ്പ് കാമ്പയിനുകൾ നടത്തിവരുന്നുണ്ട്. കൂടാതെ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതും 1-4-2021, 1-7-2021 എന്നീ ക്വാർട്ടറുകളിലെ വാഹനനികുതി ഒടുക്കുന്നതിനുള്ള സമയപരിധി 31-8-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞവിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൺവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് ഒരു പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുവരുന്നു.

**കഞ്ചിക്കോട്ടെ തൊഴിലാളികളുടെ ക്ഷേമം**

253(863) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളും മെച്ചപ്പെട്ട മിനിമം വേതനവും ഉറപ്പുവരുത്തുന്നതിനായി സ്വാഭാവിക പരിശോധനകൾ നടത്തിവരുന്നുണ്ട്. തൊഴിലുടമകളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ തൊഴിലാളി-തൊഴിലുടമാ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനായി തൊഴിൽ വകുപ്പ് ശ്രദ്ധചെലുത്തിവരുന്നു. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏകദേശം 8000-ത്തോളം അതിഥി തൊഴിലാളികൾ ജോലിയെടുത്തുവരുന്നു. ഇവർക്ക് താമസമൊരുക്കിക്കൊടുക്കുന്നത് സ്ഥാപന ഉടമകളായ കമ്പനികളാണ്. കൂടാതെ കഞ്ചിക്കോട് വ്യവസായ മേഖല കേന്ദ്രീകരിച്ച് തൊഴിലാളികൾ കൂട്ടമായി താമസിച്ചുവരുന്നു. ഇവർക്ക് വർഷത്തിൽ